**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 577** **23-02-2022 - ൽ മറുപടിയ്ക്ക്**

**കണ്ണമ്പ്ര വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണമ്പ്ര വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഒന്നാംഘട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ 2022 മാർച്ച് 31 നകം പൂർത്തീകരിക്കാമെന്ന് കരുതുന്നു. ഇതിനു ശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത വ്യവസായ പാർക്കിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതിയ്ക്കായി രൂപീകരിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ കമ്പനിയായ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷന് ഭൂമി കൈമാറി നാലു വർഷത്തിനുള്ളിൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | വ്യവസായ പാർക്കിനായി സ്ഥലം വിട്ട് നൽകിയിട്ടുള്ള മുഴുവൻ ആളുകൾക്കും നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ടോ, എത്ര പേർക്കാണ് ഇനി നഷ്ടപരിഹാരത്തുക നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | വ്യവസായ പാർക്കിനായി സ്ഥലം വിട്ടു നല്കിയ മുഴുവൻ ആളുകൾക്കും നഷ്ടപരിഹാരതുക നല്കിയിട്ടില്ല. നെഗോഷ്യേഷനിൽ നിന്നു പിന്മാറി ആക്റ്റുവഴി നഷ്ടപരിഹാരതുക വേണമെന്ന് ആവശ്യപ്പെട്ട 7 ഭൂവുടമകളുടെ നഷ്ടപരിഹാരതുക നല്കാൻ ബാക്കിയുള്ളതും ആയത് RFCTLARR ആക്റ്റ് 2013 ൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ